16/1/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.988 (5)/2022/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6124/SIC-G7/2022**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ. എ.സ്റ്റാൻലി രാജ്,**
**രാജ് ഇൻഡസിട്രീസ്, പയറ്റുവിള പി.ഒ,**
**തിരുവനന്തപുരം – 695501.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ,**
   **കോട്ടുകാൽ, പയറ്റുവിള പി.ഒ.**

2. **അപ്പീൽ അധികാരി,**
   **ഇലക്ട്രിക്കൽ സബ് ഡിവിഷൻ,**
   **ബാലരാമപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | Undated |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 31.01.2022 |
| ഒന്നാം അപ്പീൽ | 13.03.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 12.04.2022 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 19.04.2022 |
| ഹിയറിംഗ് തീയതി, | 29.11.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ടിയാന്റെ ഉടമസ്ഥതയിലുള്ള കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 19–ാം വാർഡ് 121–ാം നമ്പർ ഷെഡ് പൊളിച്ചുമാറ്റാൻവേണ്ടി കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21.10.2021 ൽ വൈദ്യുതി കട്ട് ചെയ്യാൻ വേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ നൽകിയ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത

അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 2,3,4 ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമായില്ലെന്നും, 21.10.2021 ൽ ടിയാന്റെ ഷെഡിന്റെ കണക്ഷൻ കട്ട് ചെയ്യാൻ വന്ന ഉദ്യോഗസ്ഥരുടെ പേരുവിവരവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. ശ്രീ.സ്റ്റാൻലി രാജിന്റെ കൺസ്യൂമർ നമ്പർ-2150 ആയി ഇലക്ട്രിക് 4എ3 ഫെയിസ് താരിഫിൽ കണക്ഷൻ എടുത്തുവെന്നും എന്നാൽ കോട്ടുകാൽ പഞ്ചായത്ത് സെക്രട്ടറി 16.10.2021 ൽ കോട്ടുകാൽ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച കത്തിൽ ടിയാന്റെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള അപകടം ഒഴിവാക്കുന്നതിനായി വൈദ്യുതി വിച്ഛേദിക്കുന്നതിനുള്ള നടപടികൾ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിൻപ്രകാരം 21.10.2022 ൽ ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 138 ഇ പ്രകാരം വൈദ്യുതിബന്ധം വിച്ഛേദിച്ചുയെന്നും പരാതിക്കാരന്റെ പ്രിമിസിൽ പ്രവേശിക്കാതെ ട്രാൻസ്ഫോർമറിൽ നിന്നുമാണ് ബന്ധം വിച്ഛേദിച്ചതെന്നും അന്നേദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരെ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം ടി പ്രവർത്തിക്കുവേണ്ടി നിയോഗിച്ചതാണെന്നും ഇത് സദുദ്ദേശത്തോടെ നിയമപരിധിക്കകത്തുനിന്നും കെ.എസ്.ഇ.ബി യുടെ നിർദ്ദേശാനുസരണം ഔദ്യോഗിക ജോലി നിർവ്വഹിച്ച ഒരാളിന്റെ വ്യക്തിവിവരം നൽകിയില്ലായെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയതായി കാണുന്നു. കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിന്റെ പകർപ്പും ഹിയറിംഗ് സമയത്ത് ഹർജിക്കാരന് ലഭ്യമാക്കുകയുണ്ടായി. ആയതിൽ

നാലാമത്തെ ചോദ്യത്തിന് ഒഴികെയുള്ള വിവരങ്ങൾ തൃപ്തികരമാണെന്നും നാലാമത്തെ ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കണമെന്നും ഹർജിക്കാരൻ അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരൻ നാലാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട 21.10.2021 ൽ ടിയാന്റെ ഷെഡിന്റെ കണക്ഷൻ കട്ട് ചെയ്യാൻവന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരന് ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ടിയാളുടെ ജീവനോപാധിയായിരുന്ന വർക്ക്ഷോപ്പ് കെട്ടിടം അന്യായമായി പൊളിച്ചുമാറ്റുമയും, വൈദ്യുതിബന്ധം വിച്ഛേദിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്ന് അപ്പീൽവാദി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നിരുന്നാലും ഒരു മാനുഷിക പരിഗണന അർഹിക്കുന്ന വിഷയം എന്ന നിലയിൽ പ്രസ്തുത സ്ഥലം പരിശോധിച്ച് നിജസ്ഥിതി മനസ്സിലാക്കി കണക്ഷൻ പുനഃസ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകുന്നു ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**